**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2292** **12-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റിനായി നൽകിയ അപേക്ഷകളിൽമേൽ തീരുമാനമെടുക്കുന്നതിൽ അനിശ്ചിതമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവിധവകുപ്പുകളിലെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനത്തിൽ ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളും രണ്ട് ലക്ഷത്തിൽ കൂടുതലുള്ള സർക്കാർ ആശുപത്രി ബില്ലുകളുമാണ് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിക്കുന്നത്. മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ ആറ് സെക്ഷനുകളാണുള്ളത്. ഏകദേശം 480 ബില്ലുകളാണ് പ്രതിമാസം ലഭിക്കുന്നത്. ബില്ലുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവയിൽ തീർപ്പ് കൽപ്പിച്ച് വരുന്നുണ്ട്. |
| (ബി) | മെഡിക്കൽ റീംഇംപേഴ്സ്മെന്റിനായി നൽകിയ അപേക്ഷകളിൽ ആരോഗ്യ വകുപ്പ ഡയറക്ടേറ്റിൽ എന്ന് മുതൽക്കുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആദ്യഘട്ടത്തിൽനടപടി സ്വീകരിക്കാനുണ്ടായിരുന്ന 2274 അപേക്ഷകളിൽ ഫയൽ അദാലത്തിലൂടെ 1207 എണ്ണം തീർപ്പ് കല്പിച്ചു. അതിനുശേഷം (29-9-2022ന് ശേഷം) ലഭിച്ച 1307 അപേക്ഷകളും ചേർത്ത് നിലവിൽ ആകെ 2374 അപേക്ഷകൾ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത അപേക്ഷകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ ഡയറക്ടറേറ്റിൽ ആവശ്യത്തിന് ജീവനക്കാരെ ചുമതലപ്പെടുത്താത്തതാണ് കാലതാമസം നേരിടുന്നതിന് കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബില്ലുകൾ തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അദാലത്തുകൾ നടത്തി വരുന്നു. ആയത് തീർപ്പാക്കുന്നതിന് ടി വകുപ്പിലെ എം.ആർ സെക്ഷനിലെ മുഴുവൻ ജീവനക്കാരെയും കൂടാതെ വിവിധ സെക്ഷനുകളിലെ ജീവനക്കാരേയും അവധി ദിവസങ്ങളിലും നിയമിച്ച് ഫയലുകളിൽ തീർപ്പു കൽപ്പിച്ചു വരുന്നുണ്ട്. |
| (ഡി) | മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന് പരാതികൾ ഉണ്ടാവുന്ന സാഹചര്യത്തിൽ മതിയായ | (ഡി) | വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബില്ലുകൾ |

| | | | |
|---|---|---|---|
| | ജീവനക്കാരെ ചുമതലപ്പെടുത്തി നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകളിൽ മേൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അദാലത്തുകൾ നടത്തി വരുന്നു. ആയത് തീർപ്പാക്കുന്നതിന് ടി വകുപ്പിലെ എം.ആർ സെക്ഷനിലെ മുഴുവൻ ജീവനക്കാരെയും കൂടാതെ വിവിധ സെക്ഷനുകളിലെ ജീവനക്കാരേയും അവധി ദിവസങ്ങളിലും നിയമിച്ച് ഫയലുകളിൽ തീർപ്പ കൽപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ